# പതിനാലാം കേരളനിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1143 05/03/2018 ൽ മറുപടിക്ക്

## സീനിയോറിറ്റി പുനഃസ്ഥാപിച്ച് നൽകാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ആർ.ഡി.ഒ ഓഫീസിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ. മാത്യു പി. മാത്യു എന്നയാളുടെ സീനിയോറിറ്റി പുനഃസ്ഥാപിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് അപേക്ഷ ലഭിച്ചിരുന്നോ; വ്യക്തമാക്കാമോ; | (എ) | അപേക്ഷ ലഭിച്ചിരുന്നു. |
| (ബി) | എങ്കിൽ നാളിതുവരെയായി ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | 26/03/2006 മുതൽ 31/12/2014 വരെയുള്ള കാലയളവിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്ന വേളയിൽ ടിയാനും തുടർന്ന് ടിയാന്റെ മാതാവും ആക്ഷേപം ഉന്നയിച്ചിരുന്നു.<br>കോട്ടയം ജില്ലാ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേന ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ തിരുവനന്തപുരം ജില്ലയിൽ ട്രഷറി വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ 07/02/2001-ന് ജോലിയിൽ പ്രവേശിച്ച ശ്രീ.മാത്യു പി. മാത്യു അന്തർവകുപ്പ് സ്ഥലംമാറ്റം മുഖേന 01/01/2008-ൽ പത്തനംതിട്ട ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ജോലിയിൽ പ്രവേശിക്കുകയും തുടർന്ന് വീണ്ടും ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 03/05/2014-ലെ സ.ഉ.(കൈ)178/14/റവന്യൂ പ്രകാരം 01/07/2014-ൽ കോട്ടയം ജില്ലയിൽ റവന്യൂ വകുപ്പിൽ അന്തർവകുപ്പ് സ്ഥലംമാറ്റം മുഖേന ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുള്ളതാണ്.<br>ആയതിന്റെ അടിസ്ഥാനത്തിൽ 26/03/2006 മുതൽ 31/12/2014 വരെയുള്ള കാലയളവിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ടിയാൻ അന്തർ വകുപ്പ് സ്ഥലം മാറ്റം വാങ്ങി റവന്യൂ വകുപ്പിൽ |

ജോലിയിൽ പ്രവേശിച്ച 01/07/2014 തീയതി പ്രാബല്യത്തിൽ സ്ഥാനം അനുവദിച്ചിട്ടുള്ളതുമാണ്.

കേരള സംസ്ഥാന സർവ്വീസും സബോർഡിനേറ്റ് സർവ്വീസും സംബന്ധിച്ച ചട്ടങ്ങളിൽ ഭാഗം II-ൽ ചട്ടം 27 (a) പ്രകാരം ഇന്റർ ഡിപ്പാർട്ടുമെന്റൽ സ്ഥലംമാറ്റം നേടുന്ന ആളുകളുടെ സീനിയോറിറ്റി പുതിയ ഡിപ്പാർട്ടുമെന്റിൽ ഡ്യൂട്ടിക്ക് ഹാജരാകുന്ന തീയതി പ്രകാരമാണ് കണക്കാക്കേണ്ടത്.

06/02/2013-ന ശേഷം ജില്ലാതല നിയമന വ്യവസ്ഥ പ്രകാരം ആസ്ഥാന ഒഴിവിൽ നിയമനം നേടുകയും തുടർന്ന് 06.02.2013-ലെ ജി. ഒ. (പി) നം. 05/13/ഉഭപവ നം. ഉത്തരവിന്റെ ഖണ്ഡിക 3 (VIII), 3 (IX) പ്രകാരം അന്തർവകുപ്പ് സ്ഥലം മാറ്റം നേടുകയും ചെയ്തവർക്ക് മാത്രമേ 10/07/2014-ലെ സ.ഉ.(പി)20/14/ഉ.പ.ഭ.പ.വ. നമ്പർ ഉത്തരവും 14/11/2014-ലെ സ.ഉ.(പി)38/14/ഉഭപവ നമ്പർ ഉത്തരവുകളുടെ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടിയാന്റെ അപേക്ഷ മേൽ സർക്കാർ ഉത്തരവുകളുടെ പരിധിയിൽ വരാത്തതിനാൽ ട്രഷറി വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് - II തസ്തികയിൽ സേവനമാരംഭിച്ച 07.02.2001 മുതലുള്ള സീനിയോറിറ്റി നിർണ്ണയിച്ച് നൽകുവാൻ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം കഴിയില്ലെന്നുമുള്ള വിവരങ്ങൾ 04/03/2015-ലെ 5526/റ്റി3/2015/റവ നമ്പർ കത്ത് പ്രകാരം ശ്രീ.മാത്യു പി.മാത്യുവിനേയും 17/11/2016-ലെ 52461/റ്റി3/2015/റവ കത്ത് പ്രകാരം ടിയാന്റെ മാതാവിനെയും അറിയിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | ടിയാന്റെ സീനിയോറിറ്റി പുനഃസ്ഥാപിച്ച് നൽകുന്നതിന് നിലവിൽ നിയമപരമായോ ഭരണപരമായോ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വെളിപ്പെടുത്തുമോ; | (സി) & (ഡി) | മേൽ പരാമർശിച്ച സർക്കാർ ഉത്തരവുകളുടേയും നിലവിലുള്ള നിയമങ്ങളുടേയും അടിസ്ഥാനത്തിൽ സീനിയോറിറ്റി സംരക്ഷണത്തിന് അർഹതയില്ല. |
| (ഡി) | ഇല്ലെങ്കിൽ ടിയാന്റെ സീനിയോറിറ്റി പുനഃസ്ഥാപിച്ച് നൽകുന്നകാര്യം പരിഗണിക്കുമോ? | | |

സെക്ഷൻ ഓഫീസർ